# പോലീസ് വകുപ്പ്

## കേരളം

## PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി**

**സാന്നിദ്ധ്യം : വേണുഗോപാൽ കെ ബി**

വിഷയം : ശ്രീ.ശിവലാൽ സി പി ഒ 3442 നെതിരെയുള്ള അച്ചടക്ക നടപടി- സസ്പെൻഷനും വാച്യാന്വേഷണവും - ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന : 1) സെഷ്യൽ ബ്രാഞ്ച് DySP യുടെ 06.07.2017 തീയതിയിലെ G/905/SB/2017-ഐഡി നമ്പർ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ : H2-6807/2018/ID തീയതി. 08-02-2018**

ശ്രീ.ശിവലാൽ സി പി ഒ 3442 വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്ത് വരവെ, 12.06.2017 തീയതി അടിമാലി പോലീസ് സ്റ്റേഷൻ പരിധിയിൽ ഇരുമ്പ്പാലത്ത് KL 6 E 6855 നമ്പർ ഓട്ടോറിക്ഷ ഓടിക്കുന്ന പോണപ്പറമ്പിൽ വീട്ടിൽ സ്റ്റീഫൻ മകൻ മനോജ് എന്നയാളുടെ ഓട്ടോറിക്ഷയിൽ അടിമാലിയ്ക്കടുത്തുള്ള മൂന്ന് ആദിവാസികളെയും കൂട്ടി ഓട്ടം വിളിച്ച് ഇരുമ്പ്പാലം മെഴുകം ചാലിലുള്ള ബിവറേജസ് ഷോപ്പിലെത്തി ആദിവാസികളുടെ ചിലവിൽ മദ്യം വാങ്ങി കുടിയ്ക്കുകയും ടി ബീവറേജിനടുത്ത് പെട്ടിക്കട നടത്തുന്ന അഗസ്റ്റി മകൻ റോബിൻ, മെക്കുന്നേൽ എന്നയാളിൽ നിന്നും താൻ വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറാണെന്നും മദ്യം വാങ്ങി വരുന്നയാളുകൾക്ക് ടി റോബിന്റെ കടയിലിരുന്ന് മദ്യപിയ്ക്കുന്നതിനുള്ള സഹായം ചെയ്തു കൊടുക്കുന്നതു തനിയ്ക്ക് അറിയാമെന്നും കേസ് രജിസ്റ്റർ ചെയ്യാതിരിയ്ക്കുന്നതിന് കൈക്കൂലി അവിശ്യപ്പെടുകയും ടി റോബിനെ ഭീഷണിപ്പെടുത്തി 1000/- രൂപ വാങ്ങുകയും ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് ടി ശിവലാലും ആദിവാസികളായ മൂന്നുപേരും ചേർന്ന് ടി മനോജിന്റെ ഓട്ടോറിക്ഷയിൽ അടിമാലി, വെള്ളത്തൂവൽ, മൂന്നാർ, ആനച്ചാൽ എന്നിവിടങ്ങളിൽ സഞ്ചരിയ്ക്കുകയും ഓട്ടോക്കൂലി ആവശ്യപ്പെട്ട മനോജിനോട് താൻ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിലെ റൈറ്ററാണെന്നും പണം രണ്ട് ദിവസം കഴിഞ്ഞു തരാമെന്ന് പറഞ്ഞ് പോകുകയും പണം കിട്ടാതെ വന്ന മനോജ് ടി ശിവലാലിനെതിരെ അടിമാലി പോലീസ് ഇൻസ്പെക്ടർക്ക് പരാതി നൽകിയിട്ടുള്ളതാണെന്നും സൂചന പ്രകാരം സെഷ്യൽ ബ്രാഞ്ച് DySP റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നു.

അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാനിൽ നിന്നും ഉണ്ടായിട്ടുള്ള മേൽ പ്രവർത്തി അതീവ ഗുരുതരമായ അച്ചടക്ക ലംഘനവും, സ്വഭാവദൂഷ്യവും, കൃത്യവിലോപവും സർവ്വോപരി പൊതുജന മദ്ധ്യേ പോലീസ് സേനയുടെ അന്തസ്സിന് കളങ്കം ചാർത്തുന്നതുമാണെന്ന് എനിയ്ക്ക് പ്രഥമ ദൃഷ്ട്യാ ബോധ്യം വന്നിരിയ്ക്കുന്നു. ആകയാൽ സി പി ഒ U 3442 ശിവലാലിനെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സർവീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനപ്പടിക്ക് അർഹതയുണ്ടായിരിക്കും.

ടിയാനെതിരെയുള്ള മേൽപ്പറഞ്ഞ ആരോപണങ്ങളെ കുറിച്ച് 1958-ആം ആണ്ടിലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6 ആം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാനടപടികുറിപ്പുകൾ സമർപ്പിയ്ക്കുന്നതിന് ഈ ചട്ടങ്ങളിലെ 8(i)(iii) വകുപ്പ് പ്രകാരം ഇടുക്കി ആംഡ് റിസർവ്വ് അസിസ്റ്റന്റ് കമണ്ടാൻറ് I നെ ചുമതലപ്പെടുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശിക്ഷാ നടപടികുറിപ്പുകൾ രണ്ടുമാസത്തിനകം സമർപ്പിയ്ക്കേണ്ടതാണ്

08-02-2018

വേണുഗോപാൽ കെ ബി,

ജില്ലാ പോലീസ് മേധാവി

H2-6807/2018/ID

576261

സ്വീകർത്താവ് : പേർക്ക് : ശ്രീ.ശിവലാൽ സി പി ഒ 3442, എസ് എച്ച് ഓ മുല്ലപ്പെരിയാർ മുഖേന

പകർപ്പ് : പകർപ്പ് : എസ് എച്ച് ഓ മുല്ലപ്പെരിയാർ, ടിയാനുള്ള പകർപ്പ് സഹിതം. ഒരു പകർപ്പ് ടിയാന് നല്കി മറുപകർപ്പിൽ ടിയാൻറെ തീയതിയോട്ടുകൂടിയ ലക്ഷ്യം വാങ്ങി മടക്കി നല്കേണ്ടതാണ്.
ഇടുക്കി ആംഡ് റിസർവ്വ് അസിസ്റ്റൻറ് കമണ്ടാൻറ് 1 ന 08 പേജുകൾ ഉള്ള രേഖകൾ സഹിതം , കുറ്റപത്രം 7 ദിവസത്തിനകം അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്
സംസ്ഥാന പോലീസ് മേധാവി കേരളം , അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ ദക്ഷിണ മേഖല തിരുവനന്തപുരം , പോലീസ് ഇൻസ്പെക്ടർ ജനറൽ കൊച്ചി മേഖല എന്നിവർക്ക് ഉപരിപത്രം സഹിതം.
ഡി. വൈ എസ് പി ഭരണവിഭാഗം, എ .എ, മാനേജർ, എ .ഒ, സി എ എന്നിവർക്ക്.
എ 1, എ 2, എ5(എ) എ6, എഫ് 1 , എഫ്3 സെക്ഷൻ കൾക്ക് അറിവിനും അനന്തര നടപടികൾക്കുമായി
നടപടിക്രമ ഫയൽ

H2-6807/2018/ID
576261